## പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1774</u>     <u>14.07.2011-ൽ മറുപടിക്ക്</u>

### <u>വൃക്കരോഗ ചികിത്സയ്ക്ക് നിലവിലുള്ള സൗകര്യങ്ങൾ</u>

| <u>ചോദ്യം</u> | | <u>ഉത്തരം</u> | |
|---|---|---|---|
| | ശ്രീമതി ഗീതാ ഗോപി | | ശ്രീ.അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പുമന്ത്രി) |
| (എ) | സംസ്ഥാനത്ത് വൃക്ക സംബന്ധമായ അസുഖം ബാധിക്കുന്നവരുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | വൃക്ക രോഗ ചികിത്സയ്ക്ക് സംസ്ഥാനത്ത് നിലവിലുള്ള സൗകര്യങ്ങൾ എന്തൊക്കെയാണ് ; | (ബി) | എല്ലാ സർക്കാർ മെഡിക്കൽ കോളേജുകളിലും നെഫ്രോളജി വിഭാഗം, ഡയാലിസിസ്, വൃക്കരോഗ വിഭാഗം എന്നിവ നല്ല രീതിയിൽ പ്രവർത്തിക്കുന്നുണ്ട്. തിരുവനന്തപുരം, കോട്ടയം, കോഴിക്കോട് മെഡിക്കൽ കോളേജുകളിൽ വൃക്ക മാറ്റിവെയ്ക്കൽ ശസ്ത്രക്രിയകളുടെ സംവിധാനങ്ങളും നിലവിലുണ്ട്. |
| (സി) | വൃക്ക രോഗികൾക്ക് സർക്കാരും വിവിധ ഏജൻസികളും നൽകി വരുന്ന സഹായങ്ങൾ എന്തൊക്കെയാണ് ; | (സി) | ആർ.എസ്.ബി.വൈ, ചിസ് പ്ലസ് എന്നിവ ഇൻഷ്വറൻസ് വഴി സഹായം ലഭ്യമാക്കുന്നുണ്ട്. പ്രധാന മന്ത്രിയുടെ സഹായനിധിയിൽ നിന്നും അർഹതയനുസരിച്ച് സഹായം ലഭ്യമാക്കുന്നുണ്ട്. ആരോഗ്യവകുപ്പിന്റെ എസ്.എം.എ.പി ഫണ്ടിൽ നിന്നും 20,000/-രൂപ നിർദ്ദിഷ്ട ആശുപത്രികൾക്ക് ലഭ്യമാക്കുന്നുണ്ട്. ഇതുകൂടാതെ 18 വയസ്സിനു താഴെയുള്ള കുട്ടികൾക്ക് വൃക്കരോഗ ചികിത്സ താലോലം പദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| (ഡി) | വൃക്ക തകരാറിലായവർക്ക് പെൻഷൻ അനുവദിക്കുവാൻ തയ്യാറാകുമോ? | (ഡി) | ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ